പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 351 25.04.2017 -ൽ മറുപടിക്ക്.

## ഉപഭോക്താക്കൾക്ക് പമ്പുകളിൽ ലഭ്യമാക്കേണ്ട സൗജന്യ ആനുകൂല്യങ്ങൾ

| ചോദ്യം<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 6.10.2016 ലെ 877595/D3/2016 ഭ.പൊ.വി.പി. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് പമ്പുകളിൽ ലഭ്യമാക്കേണ്ട സൗജന്യ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും 90% പമ്പുകളിലും ഇവ ലഭ്യമാക്കുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി പമ്പുകളിൽ ഇടയ്ക്കിടെ പരിശോധന നടത്താറുണ്ടോ;<br><br>(ബി) എങ്കിൽ പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരം വെളിപ്പെടുത്തുമോ;<br><br>(സി) പരിശോധന കൃത്യമായി നടക്കുന്നുണ്ടെന്നും ഉപഭോക്താക്കൾക്ക് മുടക്കമില്ലാതെ ഇത്തരം സൗജന്യ സേവനങ്ങൾ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുമോ ? | (എ), (ബി) & (സി) പെട്രോൾ പമ്പുകളിൽ പരിശോധന നടത്തുമ്പോൾ ഉപഭോക്താക്കൾക്ക് പമ്പുകളിൽ ലഭ്യമാക്കേണ്ട സൗജന്യ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി എണ്ണക്കമ്പനി ഉദ്യോഗസ്ഥർ കാലാനുസൃതമായി പമ്പുകളിൽ പരിശോധന നടത്താറുണ്ട്. കമ്പനി ഉദ്യോഗസ്ഥർക്ക് പുറമെ സിവിൽ സപ്ലൈസ് വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത ഓഫീസർമാരും പമ്പുകളിൽ പരിശോധന നടത്താറുണ്ട്. ഉപഭോക്താക്കൾക്ക് ഇത്തരം സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും എണ്ണക്കമ്പനികൾക്കും ആവശ്യമായ കൂടുതൽ നിർദ്ദേശങ്ങൾ നല്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ